ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംങ് ബോർഡ്
ബിൽഡിങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി എസ്.പി.സി(1)/92908/17/എച്ച്.എസ്.ഇ(TB) തീയതി. 14/05/2018

## സർക്കുലർ

വിഷയം - ഹ.സെ.വി.- ബ്രെയിലി പാഠപുസ്തക ഇന്റന്റ് - സംബന്ധിച്ച്.

ഹയർ സെക്കൻഡറിയിൽ പഠിക്കുന്ന, കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികൾക്ക്, ബ്രെയിലി പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്കൂളുകളിൽ നിന്നും ബ്രെയിലി പ്ലസ്ടു പാഠപുസ്തകങ്ങൾ ഇന്റന്റ് ചെയ്യുന്നതിനായി www.dhseonline.in എന്ന ഇന്റന്റിങ് പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ബ്രെയിലി പാഠപുസ്തകങ്ങൾ ആവശ്യമുള്ള സ്കൂളുകളിലെ പ്രിൻസിപ്പൽമാർ പ്രസ്തുത പോർട്ടലിൽ ലോഗിൻ ചെയ്ത്, 19/05/2018 നകം ഇന്റന്റിങ് പൂർത്തിയാക്കണമെന്നറിയിക്കുന്നു.

ശ്രദ്ധിക്കേണ്ടത്

- നിലവിൽ പ്ലസ്ടു പാഠപുസ്തകങ്ങൾക്കുള്ള ഇന്റന്റ് മാത്രമാണ് സ്വീകരിക്കുന്നത്.
- 2018-19 ലേക്കുള്ള പാഠപുസ്തകങ്ങൾ ഇന്റന്റ് ചെയ്തിട്ടുള്ള സ്കൂളുകൾക്ക് അതേ ലോഗിൻ ഐഡിയും, പാസ്‌വേഡും ഉപയോഗിച്ച് ഇന്റന്റ് ചെയ്യാം. 2018-19 ലേക്ക് പാഠപുസ്തകങ്ങൾ ഇന്റന്റ് ചെയ്തിട്ടില്ലാത്ത സ്കൂളുകൾക്ക് 'Register Here' എന്ന ടാബിലൂടെ രജിസ്ട്രേഷൻ പൂർത്തിയാക്കിയെങ്കിൽ മാത്രമേ, ലോഗിൻ ഐഡിയും പാസ്‌വേഡും ലഭിക്കുകയുള്ളൂ. ലോഗിൻ ചെയ്തു കഴിയുമ്പോൾ കാണുന്ന 'Order Braille Text Books' എന്ന ടാബ് വഴി ഇന്റന്റ് വിൻഡോയിലെത്താവുന്നതാണ്.
- ഓരോ ടൈറ്റിലും 'Save' ചെയ്ത് മാത്രമേ അടുത്ത ടൈറ്റിലിനു വേണ്ട എണ്ണം നൽകാവൂ. 'Save' ചെയ്ത വിവരങ്ങളിൽ മാറ്റം വരുത്തണമെങ്കിൽ 'Edit' ഓപ്ഷൻ ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരം മുഴുവൻ വിശദാംശങ്ങളും പരിശോധിച്ച് ഉറപ്പുവരുത്തിയ ശേഷം 'Confirm' ചെയ്യേണ്ടതാണ്. 'Confirm' ചെയ്തില്ലെങ്കിൽ ഇന്റന്റ് പൂർണ്ണമാവുകയില്ല. 'Confirm' ചെയ്ത ശേഷം വിശദാംശങ്ങളിൽ യാതൊരു കാരണവശാലും മാറ്റം വരുത്തുന്നതിനു സാധിക്കുന്നതല്ല.
- ഇന്റന്റ് 19/05/2018 ന് അവസാനിക്കുന്നതാണ്.

ഒപ്പ്

**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**